പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2743 | 27.01.2014 -ൽ മറുപടിക്ക്.

## സ്വകാര്യ മേഖലയിലെ തൊഴിലാളികൾക്ക് ബാങ്ക് വഴി വേതനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി. റ്റി. ബൽറാം<br>ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. ലൂഡി ലൂയിസ് | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും<br>വകുപ്പു മന്ത്രി) |
| (എ) സ്വകാര്യ മേഖലയിലെ തൊഴിലാളികൾക്ക് വേതനം ഉറപ്പ് വരുത്തുവാൻ എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ ; | (എ) സ്വകാര്യ മേഖലയിലെ തൊഴിലാളികൾക്ക് വേതനം ഉറപ്പ് വരുത്തുവാൻ വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിന്റെ നടപടികൾ പുരോഗമിച്ചു വരുന്നു. തൊഴിലാളികൾക്കുള്ള വേതനം അവരവരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് ലേബർ കമ്മീഷണറുടെ വെബ്സൈറ്റ്, സോഫ്റ്റ്‌വെയർ മുഖേന നൽകുന്നതിനാണ് ടി പദ്ധതികൊണ്ട് പ്രധാനമായും ഉദ്ദേശിക്കുന്നത്. |
| (ബി) ഇതിന്റെ ഭാഗമായി ഇവരുടെ ശമ്പളം ബാങ്ക് വഴി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) പരിഗണനയിലുണ്ട്. വകുപ്പിന്റെ നൂതന ഇ-ഗവേണൻസ് സംരംഭമായ വേതന സുരക്ഷാ പദ്ധതിയുടെ ഭാഗമായി കെൽട്രോൺ തൊഴിൽ വകുപ്പിന് വേണ്ടി രൂപകൽപ്പന ചെയ്ത് നടപ്പിലാക്കിയിട്ടുള്ള ലേബർ കമ്മീഷണറേറ്റ് ഓട്ടോമാറ്റിക് സിസ്റ്റം എന്ന ഓൺ -ലൈൻ സംവിധാനത്തിൽ ഇ- പേയ്മെൻറ് ഘടകം കൂടി സംയോജിപ്പിച്ച് തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് വേതനം നൽകുന്നതിനാണ് വേതന സുരക്ഷാ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. 2014 മാർച്ച് മാസത്തിനുള്ളിൽ സമയബന്ധിതമായി നടപ്പിലാക്കുവാനാണ് നിശ്ചയിച്ചിട്ടുള്ളത്. |

| | |
|---|---|
| (സി) ശമ്പളം ബാങ്ക് വഴി നൽകണമെന്ന് നിഷ്കർഷിക്കുന്ന ശമ്പള സംരക്ഷണ നിയമം നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ; | (സി) ശമ്പളം ബാങ്ക് മുഖേന നൽകുന്നതിനായുള്ള പേയ്മെൻറ് ഓഫ് വേജസ് ആക്ടിലെ നിയമ ഭേദഗതിക്കുള്ള ശുപാർശ സർക്കാർ പരിഗണിച്ചുവരുന്നു. |
| (ഡി) എങ്കിൽ ഇതിനുള്ള നിയമനിർമ്മാണ പ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ? | (ഡി) നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 69-ാം ചട്ടപ്രകാരം ഗസറ്റിൽ പ്രസിദ്ധീകരണത്തിനായി 1936ലെ പേയ്മെൻറ് ഓഫ് വേജസ് ആക്ടിൽ (1936 ലെ നാലാം കേന്ദ്ര ആക്ട്) നിന്നുള്ള പ്രസക്തഭാഗങ്ങൾ ഉൾപ്പെടുത്തിയ ഭേദഗതി ബില്ലിൻെറ പകർപ്പ് നിയമസഭാസെക്രട്ടറിയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.